"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 10/11/2020

DT/1755/20-F3

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-കോവിഡ് കാലത്ത് ട്രെയിനിംഗ് നടത്തുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്

## കോവിഡ് കാലയളവിൽ ട്രെയിനിംഗ് നടത്തുന്നതിനുള്ള പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ

കോവിഡ് കാലയളവിൽ രാജ്യത്തെ ഐ .ടി.ഐ കൾ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ Ministry of Home Affairs നൽകിയിരുന്നു. കൂടാതെ ഡി.ജി.റ്റി യിൽ നിന്നും ഐ.ടി.ഐ കളിൽ ഈ കാലയളവിൽ ട്രെയിനിംഗ് നടത്തുന്നത് സംബന്ധിച്ച മാർഗ്ഗരേഖകളും നൽകിയിട്ടുണ്ട് . എന്നാൽ 06.11.2020 തീയതിയിലെ സി 2/51/2020/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഉടനടിനടക്കുന്ന All India Trade Test-ൽ പങ്കെടുക്കാനുള്ള 25% ട്രെയിനികൾ വീതമുള്ള ബാച്ചുകളായി ഐ.ടി.ഐ കളിൽ പ്രായോഗിക പരിശീലനം പുനരാരംഭിക്കുവാൻ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. ഈ നിർദ്ദേശങ്ങൾക്കൊപ്പം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പാലിച്ച് ട്രെയിനികളുടെ പ്രായോഗിക പരിശീലനം പൂർത്തീകരിക്കേണ്ടതാണ്.

### ട്രെയിനികൾ

1. ഇൻസ്ട്രക്ടർമാരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രം ട്രെയിനിംഗിന് നിർദ്ദേശിക്കുന്ന സമയത്ത് ഐ.ടി.ഐ യിൽ ഹാജരാകുക.
2. പനി, ചുമ, ശ്വാസതടസ്സം മുതലായ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട ഇൻസ്ട്രക്ടർമാരെ വാട്സ്അപ്പ് ഗ്രൂപ്പിലൂടെയോ, മൊബൈലിലൂടെയോ അറിയിക്കേണ്ടതും തുടർന്ന് ഇക്കാര്യത്തിൽ ഇൻസ്ട്രക്ടർ തരുന്ന നിർദ്ദേശം പാലിക്കേണ്ടതുമാണ്.
3. സ്വയം സുരക്ഷാ ഉപാധികളായ മാസ്കുകൾ, ഗ്ലൗസുകൾ, സാനിറ്റൈസർ എന്നിവ ട്രെയിനികൾ ട്രെയിനിംഗ് സമയത്ത് ഉറപ്പുവരുത്തേണ്ടതാണ്.
4. ട്രെയിനിംഗ് നടത്തുന്ന അവസരത്തിൽ ശരിയായ രീതിയിൽ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും മാസ്ക് ധരിക്കാതിരിക്കാനോ, അശ്രദ്ധമായ രീതിയിൽ ധരിക്കാനോ പാടില്ല.

5. പരിശീലന സമയത്ത് അത്യാവശ്യത്തിനല്ലാതെ പരസ്പരം സംസാരിക്കാൻ പാടില്ല. സംസാരിക്കുന്ന അവസരങ്ങളിൽ മാസ്ക് ശരിയായ രീതിയിൽ ധരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.
6. ഗേറ്റിന് മുൻവശത്ത് കൂട്ടം കൂടി നിൽക്കാൻ പാടില്ലാത്തതും, ട്രെയിനികൾ കൊണ്ടുവരുന്ന ബാഗ് ഉൾപ്പെടെയുള്ള സാധനങ്ങൾ ഗേറ്റിൽ തന്നെ അണുനശീകരണത്തിന് വിധേയമാക്കേണ്ടതാണ്.
7. വാച്ച്മാൻ നിർദ്ദേശിക്കുന്ന സമയത്ത് ഇൻഫ്രാറെഡ് തെർമോ മീറ്റർ ഉപയോഗിച്ചുള്ള ടെമ്പറേച്ചർ പരിശോധനയ്ക്ക് വിധേയമാകേണ്ടതാണ്.
8. യൂറിൻഷെഡ്, വാഷ് റൂം എന്നിവിടങ്ങളിൽ ഒരു സമയത്ത് ഉൾക്കൊള്ളാൻ കഴിയുന്നതും സാമൂഹിക അകലം ഉറപ്പാക്കാൻ കഴിയത്തക്ക വിധത്തിലുള്ള എണ്ണം ട്രെയിനികൾ മാത്രമേ പ്രവേശിക്കാൻ പാടുള്ളൂ. മറ്റുള്ളവർ കുറഞ്ഞത് 3 അടി അകലം പാലിച്ച് പുറത്ത് കാത്ത് നിൽക്കേണ്ടതാണ്.
9. കുടിക്കാനുള്ള വെള്ളം, ഭക്ഷണം എന്നിവ ട്രെയിനികൾ കരുതേണ്ടതും ആയത് സാമൂഹിക അകലം പാലിച്ച് ഇൻസ്ട്രക്ടർമാർ നിർദ്ദേശിക്കുന്ന സമയത്ത് കഴിക്കേണ്ടതുമാണ്.
10. ട്രെയിനിംഗിനല്ലാതെ യാതൊരു കാരണവശാലും ഐ.ടി.ഐ യുടെ കാമ്പസിനുള്ളിൽ ട്രെയിനികൾ പ്രവേശിക്കാനോ മറ്റൊരു വിധത്തിലുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനോ പാടില്ല.
11. ഉപയോഗശേഷം മാസ്കുകൾ യാതൊരു കാരണവശാലും വർക്ക്ഷോപ്പുകളിലോ കാമ്പസിനുള്ളിലോ വലിച്ചെറിയാൻ പാടില്ല. ഉപയോഗശേഷമുള്ള മാസ്കുകൾ, ഗ്ലൗസുകൾ, സാനിറ്റൈസർ, ബോട്ടിലുകൾ എന്നിവ ഒരു കവറിനകത്താക്കി ആയത് നിക്ഷേപിക്കാനായി ഐ.ടി.ഐ യിൽ തന്നെ ഏർപ്പെടുത്തിയിരിക്കുന്ന പ്രത്യേക സ്ഥലത്തോ അല്ലായെങ്കിൽ സ്വഗ്രഹത്തിൽ കൊണ്ടുപോയി നശിപ്പിക്കേണ്ടതോ ആണ്.
12. പ്രിൻസിപ്പാൾ അനുവദിക്കുന്ന ട്രെയിനികൾ മാത്രമേ ഹോസ്റ്റലിനുള്ളിൽ താമസിക്കാവൂ. ഇങ്ങനെ താമസിക്കുന്ന ട്രെയിനികൾ പരിശീലനംകഴിഞ്ഞ ഉടനെതന്നെ ഹോസ്റ്റലിൽ പ്രവേശിക്കേണ്ടതും പിറ്റേദിവസം വീണ്ടും പരിശീലനത്തിന് ഹാജരാകുന്നതുവരെ സുരക്ഷിതമായി ഹോസ്റ്റലിൽ തങ്ങേണ്ടതുമാണ്.
13. പരിശീലനത്തിനായി ഹാജരാകുന്ന ഓരോ ട്രെയിനിയും അവരവരുടെ സഞ്ചാരപഥം, സഞ്ചരിച്ച വിധം എന്നിവ സംബന്ധിച്ച വിവരം ഓരോ ദിവസവും ഇൻസ്ട്രക്ടർമാരെ അറിയിക്കേണ്ടതാണ്.
14. പരിശീലന സമയത്ത് യാതൊരു കാരണവശാലും റെഫ് ലോഗ്, ഫെയർ ലോഗ് എന്നിവ വർക്ക്ഷോപ്പിൽ വച്ച് തയ്യാറാക്കാൻ പാടുള്ളതല്ല.

**ഇൻസ്ട്രക്ടർമാരുടെ ചുമതലകൾ**

1. സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന 25% ട്രെയിനികൾ മാത്രമേ ഒരു സമയത്ത് വർക്ക്ഷോപ്പിൽ ഹാജരാകുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുക.
2. കോവിഡ് സ്വയം സുരക്ഷാ ഉപാധികളായ മാസ്ക്, ഗ്ലൗസ്, ഫേസ് ഷീൽഡ്, സാനിറ്റൈസർ എന്നിവ ശരിയായ രീതിയിൽ ധരിച്ച് മാത്രം പരിശീലനം നൽകുക.

3. പരിശീലനം നൽകുന്ന സമയത്ത് ഹാജരായിരിക്കുന്ന എല്ലാ ട്രെയിനികളും കോവിഡ് സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
4. അത്യാവശ്യ ഘട്ടങ്ങളൊഴികെ ട്രെയിനികളുമായി കുറഞ്ഞത് 3 അടി മാത്രം അകലം പാലിക്കാൻ ശ്രദ്ധിക്കുക.
5. ഓരോ ദിവസവും ട്രെയിനിംഗിന് ഹാജരാകേണ്ട ട്രെയിനികളുടെ ലിസ്റ്റ് ഓരോ ദിവസവും വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ ഷെയർ ചെയ്യേണ്ടതും ആയത് പ്രസ്തുത ട്രെയിനികളെ അറിയിക്കേണ്ടതുമാണ്.
6. ട്രെയിനികൾ വർക്ക്ഷോപ്പിൽ നിശ്ചിത അകലം പാലിച്ച് എല്ലാവിധ കോവിഡ് മുൻകരുതലോടുമാണ് പരിശീലനത്തിൽ പങ്കെടുക്കുന്നതെന്ന് ഉറപ്പ് വരുത്തുക.
7. അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് എന്നതിലുപരി ഇനി പരിശീലിപ്പിക്കേണ്ട Learning Out-come എല്ലാം ഉൾപ്പെടുന്ന തരത്തിലുള്ള പരിശീലനം ട്രെയിനികൾക്ക് നൽകേണ്ടതാണ്.
8. പരിശീലനം നടക്കുമ്പോൾ ഏതെങ്കിലും ട്രെയിനികൾക്ക് പനി, ചുമ, ശ്വാസതടസ്സം ഉൾപ്പെടെയുള്ള എന്തെങ്കിലും ലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അപ്പോൾത്തന്നെ പ്രസ്തുത ട്രെയിനിയെ മറ്റുള്ള ട്രെയിനികളിൽ നിന്നും മാറ്റി നിർത്തി പരിശീലന നൽകേണ്ടതും അത്യാവശ്യമാണെങ്കിൽ വൈദ്യപരിശോധനക്കോ കോവിഡ് പരിശോധനക്കോ ഹാജരാക്കാനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

**ഗ്രൂപ്പ് ഇൻസ്ട്രക്ടർ**

1. തങ്ങളുടെ ചാർജ്ജിലുള്ളഎല്ലാട്രേഡുകളുടെയുംവർക്ക്ഷോപ്പിൽഓരോമണിക്കൂറുംസന്ദർശിക്കേണ്ടതും ഇൻസ്ട്രക്ടർ, ട്രെയിനികൾ എന്നിവർ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നും സ്വയം പ്രതിരോധ ഉപാധികൾ ശരിയായ രീതിയിൽ ധരിച്ചിട്ടുണ്ടോയെന്നും നേരിട്ട് ഉറപ്പ് വരുത്തുക.
2. ഇൻസ്ട്രക്ടറുടെ അനുവാദത്തോടെയല്ലാതെ ഒരു ട്രെയിനിയേയും കാമ്പസിനുള്ളിൽ കറങ്ങി നടക്കുവാനോ മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനോ അനുവദിക്കാൻ പാടില്ല.
3. തങ്ങളുടെ കീഴിൽ വരുന്ന ട്രേഡുകളിലെ മുഴുവൻ ഇൻസ്ട്രക്ടർമാർക്ക് കോവിഡ് അവലോകന ക്ലാസ്സ് നൽകുക.
4. ഏതെങ്കിലും ട്രെയിനിയ്ക്ക് വൈദ്യസഹായം അത്യാവശ്യമാണെന്ന് ഇൻസ്ട്രക്ടർ അറിയിച്ചാൽ ആയത് അടിയന്തരമായി ഉറപ്പ് വരുത്താനുള്ള സത്വര നടപടികൾ സ്വീകരിക്കുക.
5. ഓരോ ദിവസവും ഹാജരായ ട്രെയിനികളുടെ എണ്ണം, ഓരോ ദിവസം പൂർത്തിയാക്കിയ Learning Out-come കളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ച് പ്രിൻസിപ്പാൾ/വൈസ് പ്രിൻസിപ്പാളിന് അതാത് ദിവസം സമർപ്പിക്കുക.

**വൈസ് പ്രിൻസിപ്പാൾ**

1. തങ്ങളുടെ കീഴിൽ വരുന്ന എല്ലാ ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർക്കും കോവിഡ്

ബോധവത്ക്കരണ ക്ലാസ്സ് നൽകുക.

2. പരിശീലനം നടക്കുന്ന ട്രേഡുകളിൽ ദിവസവും കുറഞ്ഞത് രണ്ട് പ്രാവശ്യം സന്ദർശിച്ച് ഇൻസ്ട്രക്ടർമാർ, ട്രെയിനികൾ എന്നിവർ കോവിഡ് മാനദണ്ഡം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
3. കാമ്പസിനുള്ളിൽ ട്രെയിനികൾ <u>അലക്ഷ്യമായി</u> നടക്കുന്നത് പരിശോധിക്കുന്നതിനുള്ള നിർദ്ദേശം ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർക്ക് നൽകുക.
4. ഗ്രൂപ്പ് ഇൻസ്ട്രക്ടർമാരിൽ നിന്നും അതാത് ദിവസത്തെ ട്രെയിനിംഗ് റിപ്പോർട്ട് കൈപ്പറ്റി പരിശോധിച്ച് അംഗീകരിക്കുക.
5. സാമൂഹിക അകലം പാലിച്ച് എഞ്ചിനീയറിംഗ് ഡ്രോയിംഗ് ക്ലാസ്സ് നടത്തുന്നുണ്ടോ എന്നത് പരിശോധിച്ച് ഉറപ്പ് വരുത്തുക.

**<u>പ്രിൻസിപ്പാൾ</u>**

1. സ്ഥാപനത്തിലെ വാച്ച്മാൻമാർ, സ്വീപ്പർമാർ എന്നിവർക്ക് കോവിഡ് ബോധവത്കരണം ക്ലാസ് നൽകുക.
2. കോവിഡ് പ്രതിരോധ പരിശോധന ഉപകരണങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുക.
3. റിസ്ക് മിറ്റിഗേഷൻ കം ക്വിക്ക് റെസ്പോൺസ് ടീം രൂപീകരിച്ച് ബന്ധപ്പെട്ട ഐ.ടി.യ്ക്ക് വിവരം കൈമാറുക.
4. ഹോസ്റ്റൽ, യൂറിൻഷെഡ്ഡുകൾ, വാഷ് റൂമുകൾ എന്നിവിടങ്ങളിൽ ശുചീകരണം ഉറപ്പ് വരുത്തേണ്ടതും ആയതിലേയ്ക്കാവശ്യമായ അണുനശീകരണ വസ്തുക്കൾ (ബ്ലീച്ചിംഗ് പൗഡർ, സാനിട്ടൈസർ, ഹാന്റ്‌വാഷ് മുതലായവ) ആവശ്യത്തിന് സ്വീപ്പർമാർക്ക് ലഭിക്കുന്നുണ്ട് എന്ന കാര്യം ഉറപ്പ് വരുത്തുക.
5. ട്രെയിനികൾ ഉപയോഗിക്കുന്ന യൂറിൻഷെഡ്ഡുകൾ, വാഷ് റൂമുകൾ എന്നിവിടങ്ങളിൽ ആയത് വൃത്തിയാക്കുന്നതിന് വേണ്ടി ഒരാളെ ഈ കുറഞ്ഞ കാലയളവിൽ ചുമതലപ്പെടുത്തേണ്ടതും ശുചീകരണം ഉറപ്പ് വരുത്തേണ്ടതുമാണ്.
6. ഓരോദിവസവും ഓൺലൈൻ മീറ്റിംഗ് കൂടി അന്നന്നത്തെ സ്ഥിതി അവലോകനം ചെയ്യേണ്ടതും അതനുസരിച്ചുള്ള മേൽനടപടികൾ സ്വീകരിക്കേണ്ടതുമാണ്.
7. ട്രെയിനികൾക്ക് പരിശീലനം നൽകാനുള്ള ഇൻസ്ട്രക്ടർമാരുടെ ലഭ്യത കൃത്യമായും ഉറപ്പുവരുത്തേണ്ടതാണ്.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും
എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് മാർക്കും
വകുപ്പിന്റെ വെബ്സൈറ്റ്